**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3915

19.03.2018-ൽ മറുപടിക്ക്

## എഴുകോൺ ഗവൺമെന്റ് പോളിടെക്നിക്ക്

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പോളിടെക്നിക് വിദ്യാഭ്യാസ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ), പോളിടെക്നിക് വിദ്യാഭ്യാസ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിലെ അധ്യയന നിലവാരം ഉയർത്തുന്നതിനും, അധ്യാപകർക്ക് അദ്ധ്യാപന/വ്യക്തിത്വ വികസന മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ കോൺഫറൻസുകൾ എന്നിവ നടത്തുന്നുണ്ട്. കളമശ്ശേരിയിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് റിസർച്ച് (സിറ്റർ) എന്ന സ്ഥാപനമാണ് ടി പരിപാടികൾ പ്രധാനമായും സംഘടിപ്പിക്കുന്നത്. ദേശീയ തലത്തിലെ പ്രശസ്തരായ അദ്ധ്യാപകരുടെയും വ്യാവസായിക രംഗത്തെ സാങ്കേതിക വിദഗ്ധരുടെയും സേവനം വിസിറ്റിംഗ് ഫാക്കൽറ്റി സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നുണ്ട്. മഹീന്ദ്രാ പ്രൈഡ് സ്കൂൾ സി.എസ്.ആർ-ന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഇരുപത് പോളിടെക്നിക്ക് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിശീലനം സൗജന്യമായി നൽകി വരുന്നു.<br><br>പ്രായോഗിക പരിശീലന സൗകര്യങ്ങൾ |

മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ച് പോളിടെക്നിക്ക് കോളേജുകളിൽ മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകളും അഞ്ച് സ്ഥാപനങ്ങളിൽ റോബോട്ടിക്ക് ലാബുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സ്വയം തൊഴിൽ സംരംഭകത്വത്തിന് പരിശീലനം നൽകുന്നതിനു വേണ്ടി പ്രൊഡക്ഷൻ സെന്ററുകളും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകളും തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ പ്രവർത്തിച്ച് വരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് എല്ലാ സ്ഥാപനങ്ങളിലും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ എഴുകോൺ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) ഉണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ. അനുമതി ആവശ്യമാണ്. ആയതിനാൽ എ.ഐ.സി.ടി.ഇ. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ